# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *61** **30.06.2016-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗവിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ.കെ. ആൻസലൻ
ശ്രീ.എം.എം. മണി
ശ്രീ.മുരളി പെരുനെല്ലി
ശ്രീ.ഒ.ആർ.കേളു

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികളുടെ വിശദാംശം നൽകാമോ; ഈ പദ്ധതികൾ ഫലപ്രദമായി നടക്കുന്നില്ലെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അർഹരായ മുഴുവൻ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പ് വഴി വിവിധ ഭവന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ജനറൽ ഹൗസിംഗ് പദ്ധതി, HUDCO ഭവനനിർമ്മാണ പദ്ധതി, A.T.S.P ഭവനനിർമ്മാണ പദ്ധതി എന്നിവയ്ക്ക് പുറമേ ഗ്രാമവികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന I.A.Y ഭവന നിർമ്മാണ പദ്ധതി വഴിയും വീടുകൾ അനുവദിക്കുന്നുണ്ട്. 350 ചതുരശ്ര അടി വീട് നിർമ്മിക്കുന്നതിന് 3.5 ലക്ഷം രൂപയാണ് നിലവിൽ അനുവദിക്കുന്നത്. 6 വർഷം പൂർത്തിയായ വീടുകളുടെ അറ്റകുറ്റപ്പണിക്ക് 1 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും അനുവദിക്കുന്നുണ്ട്. ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക ഉപയോഗിച്ച് നിലവിൽ ഗുണഭോക്താക്കൾ തന്നെയാണ് വീടുകൾ നിർമ്മിക്കുന്നത്. നല്ലൊരു ശതമാനം |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളും സർക്കാർ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി കണ്ടിട്ടുണ്ട്. മാത്രമല്ല പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പലതും ഗതാഗത സൗകര്യം ഇല്ലാത്തതും ദുർഘടവുമായ വനാന്തരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇത്തരം പ്രദേശങ്ങളിൽ ഭവന നിർമ്മാണം നടത്തുമ്പോൾ ചുമട്ടുകൂലി ഇനത്തിൽ തന്നെ നല്ലൊരു ശതമാനം തുക ചെലവഴിക്കേണ്ടി വരുന്നു. കൂടാതെ വിദഗ്ധരായ നിർമ്മാണ തൊഴിലാളികളുടെ അഭാവം, നിർമ്മാണ സാധന സാമഗ്രികളുടെ ദൗർലഭ്യം, പ്രകൃതി ക്ഷോഭം തുടങ്ങിയ കാരണങ്ങളാലും പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് തടസമാകാറുണ്ട്. ഇത്തരം അധിക ചെലവ് മൂലം അനുവദിക്കുന്ന തുക മാത്രം ഉപയോഗിച്ച് പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. |
| ബി) | ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന കണക്കാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്. കഴിഞ്ഞ 5 വർഷം വീട് അനുവദിച്ചത് 33652. പണി പൂർത്തീകരിച്ചത് 384, പണി പൂർത്തീകരിക്കാൻ ബാക്കിയുള്ളത് 33268. ഇതിനു പുറമെ 20061 ഭവനരഹിതർ കൂടി ഉണ്ട്. |
| സി) | ഭവനരഹിതർക്കെല്ലാം സമയ ബന്ധിതമായി വീട് നിർമ്മിച്ച നൽകുവാനോ, പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുപുറത്ത് എല്ലാവിധ ആധുനിക സൗകര്യങ്ങളുള്ളിടത്ത് പുനരധിവസിപ്പിക്കാനോ ഉള്ള പദ്ധതിയുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ? | സി) | പുതിയ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ പദ്ധതി വഴി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിച്ച് സമ്പൂർണ്ണ ഭവന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് TRDM വഴിയും വകുപ്പ് തലത്തിൽ ഫണ്ട് ചെലവഴിച്ച് ഭൂമി വാങ്ങുന്ന പദ്ധതിയും നിലവിലുണ്ട്. വനാവകാശ നിയമം 2006 |

| | | | |
|---|---|---|---|
| | | | പ്രകാരവും KST ആക്ട് പ്രകാരവും ഭൂരഹിതർക്ക് ഭൂമി നൽകുന്നുണ്ട്. ഇതു പ്രകാരം തുടർന്നും ഭൂരഹിതർക്ക് ഭൂമി അനുവദിക്കുന്നതാണ്. 2016-17 വർഷം 5000 വീടുകൾ അനുവദിക്കാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ